# തൃപ്തി നൽകുന്ന ദൈവം

## മത്തായി 14:20

**"എല്ലാവരും തിന്ന് തൃപ്തരായി ശേഷിച്ച കഷണം പന്ത്രണ്ടു കൊട്ട നിറച്ചെടുത്തു."**

നമുക്കേവർക്കും സുപരിചിതമായ അഞ്ചപ്പവും രണ്ട് മീനും കൊണ്ട് അയ്യായിരത്തിലധികം ആളുകളെ തൃപ്തരാക്കിയ സംഭവം വിവരിക്കുന്ന ദൈവവചനത്തിലെ ഒരു ഭാഗമാണ് നാം മേൽവായിച്ചത്. ഈ വേദഭാഗത്തിലൂടെ കടന്നു പോകുമ്പോൾ ഒരു കാര്യം നമുക്ക് വ്യക്തമായി മനസ്സിലാക്കാൻ കഴിയും; ഒരാൾക്കു പോലും ഭക്ഷിച്ച് തൃപ്തി അടയുവാൻ സാധ്യമല്ലാതിരുന്ന അഞ്ചപ്പവും രണ്ട് മീനും യേശു തമ്പുരാൻ കൈകളിലെടുത്തപ്പോൾ, സ്ത്രീകളെയും പൈതങ്ങളെയും കൂടാതെ അയ്യായിരത്തിൽപരം പുരുഷന്മാരുടെയും സംതൃപ്തിയ്ക്ക് കാരണമായി.

ഇന്ന് നമ്മുടെ ജീവിതത്തിലും ഇതുപോലെ ദൈവകരങ്ങളിലേക്ക് നമ്മെ സമർപ്പിക്കുമ്പോൾ നമ്മുടെ ജീവിതത്തിലെ അൽപ്പമായതിനെ വാഴ്ത്തി അനുഗ്രഹിച്ച് അനേകരുടെ ജീവിതത്തിന്റെ അനുഗ്രഹത്തിന്നും സംതൃപ്തിക്കും കാരണമാക്കാൻ ദൈവത്തിന്നു കഴിയും. യേശുവിന് ശിഷ്യന്മാരുടെ കൈയ്യിലുള്ള അപ്പം ഇല്ലാതെ തന്നെ ശൂന്യതയിൽ നിന്ന് പുരുഷാരത്തിന്നു വേണ്ടത് ഉണ്ടാക്കി നൽകുവാൻ കഴിയുമായിരുന്നിട്ടും ശിഷ്യന്മാരുടെ കൈയ്യിലുള്ള അപ്പത്തെ ഉപയോഗിച്ച് ജനങ്ങളെ തൃപ്തരാക്കുന്നതായി നാം കാണുന്നു. ഇതുപോലെ നമ്മുടെ ജീവിതയാത്രയിൽ നമുക്കുള്ളതിനെ പൂർണ്ണ മനസ്സോടെ ദൈവകരങ്ങളിൽ സമർപ്പിക്കുമ്പോൾ അതിനെ അനുഗ്രഹമാക്കുന്ന ദൈവത്തെയാണ് വചനത്തിലുടനീളം നാം കാണുന്നത്. സരേഫാത്തിലെ വിധവയുടെ ജീവിതത്തിലും ഇതു തന്നെയാണ് നാം കാണുന്നത്. ഒരു പിടി മാവും അൽപം എണ്ണയും അവിടെയും ശേഷിച്ചിരുന്നു. അതിനെ കുറഞ്ഞു പോവാതെവണ്ണം അനുഗ്രഹിക്കുന്നതായി നാം കാണുന്നു.

നമ്മുടെ ജീവിതത്തിലും ഇതുപോലെ അൽപ്പമേ ഉള്ളൂ ഒന്നിനും തികയില്ല എന്നു നാം വിചാരിക്കുന്ന അനുഭവങ്ങളെ ദൈവകരങ്ങളിൽ നാം ആയിരിക്കുന്നതുപോലെ പൂർണ്ണ മനസ്സോടെ സമർപ്പിക്കുമ്പോൾ അതിന്മേൽ പ്രവർത്തിക്കുവാൻ കഴിവുള്ളവൻ കൈനീട്ടി സ്പർശിക്കുമ്പോൾ നമ്മുടെ ഇല്ലായ്മകളും കുറവുകളും അനേകർക്ക് സംതൃപ്തിക്കു കാരണമാകും. അതിനായി പൂർണ്ണ മനസ്സോടെ ദൈവകരങ്ങളിലേക്ക് നമ്മെ തന്നെ ഏൽപ്പിച്ചു കൊടുക്കാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം:

യിരെമ്യാവ് 31:25

ദാഹിച്ചിരിക്കുന്നവനെ ഞാൻ തണുപ്പിക്കും, വിശന്നു ക്ഷീണിച്ചിരിക്കുന്ന ഏവനും ഞാൻ തൃപ്തി വരുത്തും

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 086